## കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷൻ - തെറ്റായി സസ്പെന്റ് ചെയ്യപ്പെട്ടവരുടെ പെൻഷൻ പുനഃസ്ഥാപിച്ച് നൽകുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**സ.ഉ.(കൈ) നം. 233/2018/ധന.** **തീയതി, തിരുവനന്തപുരം, 27/06/2018**

---

പരാമർശം :- 1) പഞ്ചായത്ത് ഡയറക്ടറുടെ 20/06/2018 ലെ ഡി ബി ടി 14075/2018 നമ്പർ കത്ത്.
2) 22/01/2018 ലെ എസ് എഫ് സി ബി2/53/2017 നമ്പർ സർക്കുലർ

**<u>ഉത്തരവ്</u>**

ഡി ബി ടി സംവിധാനത്തിൽ വിതരണം ചെയ്ത് വരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാക്കുന്നതിന്റെയും അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിന്റെ ഭാഗമായും എല്ലാ പ്രാദേശിക സർക്കാരുകളോടും അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ വളരെയധികം ഗുണഭോക്താക്കളെ പ്രാദേശിക സർക്കാരുകൾ ടി സംവിധാനത്തിൽ സസ്പെന്റ് ചെയ്യുകയുണ്ടായി എന്നും എന്നാൽ പിന്നീട് ടി ഗുണഭോക്താക്കൾ പെൻഷൻ ലഭിക്കാതെ വന്ന സാഹചര്യത്തിൽ പരാതിപ്പെട്ടത് മൂലം പുനഃപരിശോധന നടത്തിയതിൽ പല ഗുണഭോക്താക്കളെയും തെറ്റായി സസ്പെന്റ് ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട് എന്നും ഇപ്രകാരം തെറ്റായി സസ്പെന്റ് ചെയ്തിട്ടുള്ളവരുടെ പെൻഷൻ പുനഃസ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തെറ്റായി സസ്പെന്റ് ചെയ്യപ്പെട്ടവരുടെ പെൻഷൻ പുനഃസ്ഥാപിച്ച് നൽകുന്നതിലേക്ക് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i) തെറ്റായി സസ്പെന്റ് ചെയ്യപ്പെട്ടവരുടെ പെൻഷൻ പുനഃസ്ഥാപിച്ച് നൽകേണ്ടതാണ്

ii) എന്നാൽ വ്യക്തമായ കാരണത്താൽ സസ്പെന്റ് ചെയ്യപ്പെട്ടവരുടെ പെൻഷൻ പുനഃസ്ഥാപിക്കേണ്ടതില്ല.

iii) രണ്ട് പെൻഷൻ വാങ്ങിവന്നിരുന്നവരുടെ കാര്യത്തിൽ അധികമായി വാങ്ങിയ തുക തിരിച്ചടച്ച ശേഷം മാത്രമേ പെൻഷൻ പുന:സ്ഥാപിച്ച് നൽകാൻ പാടുള്ളൂ.

iv) വ്യക്തമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരത്തിൽ പെൻഷൻ പുന:സ്ഥാപിക്കാൻ പാടുള്ളു.

v) അർഹതയില്ലാത്തവർക്കും അധികമായി വാങ്ങിയ തുക തിരിച്ചടയ്ക്കാത്തവർക്കും പെൻഷൻ പുന:സ്ഥാപിച്ച് നൽകിയാൽ അത്തരത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും

vi) ഇത്തരത്തിൽ പുനസ്ഥാപിക്കുന്ന പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ അതാത് പ്രാദേശിക സർക്കാരുകൾ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി ബി ടി സെല്ലിൽ നൽകേണ്ടതും ഡി ബി ടി സെൽ ആകെ പുനസ്ഥാപിക്കപ്പെട്ട പെൻഷൻ വിവരങ്ങൾ ക്രോഡീകരിച്ച് ധനകാര്യ വകുപ്പിൽ നൽകേണ്ടതുമാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ .ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ